# കേരള സർവകലാശാല

നം.പി.ആർ.210/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### കോളേജ് മാറ്റം തീയതി നീട്ടി

സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ മൂന്നാം സെമസ്റ്റർ യു.ജി ബിരുദ വിദ്യാർത്ഥികളുടെ (സി.ബി.സി.എസ്.എസ്) 2018 – 2019 അദ്ധ്യയന വർഷത്തിലെ കോളേജ് മാറ്റത്തിനായി അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 4 വരെ നീട്ടിയിരിക്കുന്നു.

### പരീക്ഷാഫീസ്

2018 ഒക്ടോബറിൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എഡ് ഡിഗ്രി ഓൺലൈൻ സ്പെഷ്യൽ സപ്ലിമെന്ററി (2015 സ്കീം) ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 24 ന് ആരംഭിക്കുന്നു. പിഴ കൂടാതെ ഒക്ടോബർ 1 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 4 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 6 വരെയും അപേക്ഷിക്കാം.

ഒക്ടോബർ 22 ന് ആരംഭിക്കുന്ന ബി.എസ്.സി (ആന്വൽ സ്കീം) മാത്തമാറ്റിക്സ് മെയിൻ (സപ്ലിമെന്ററി) പരീക്ഷയ്ക്ക് സെപ്റ്റംബർ 24 മുതൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. ഓൺലൈനായും ഓഫ്ലൈനായും രജിസ്റ്റർ ചെയ്യുന്നവർക്ക് പിഴ കൂടാതെ ഒക്ടോബർ 1 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 4 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 6 വരെയും അപേക്ഷിക്കാം.

### കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ്

സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെ 2018 – 2019 വർഷത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നാമനിർദ്ദേശ പത്രികകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 1 ലേയ്ക്കും പത്രികകൾ പിൻവലിയ്ക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 3 ലേക്കും തെരഞ്ഞെടുപ്പ് ഒക്ടോബർ 9 ലേക്കും മാറ്റി വച്ചിരിക്കുന്നു.

### വൈവ

2018 ആഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ വൈവാ ഒക്ടോബർ 3, 8 തീയതികളിൽ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) ആറാം സെമസ്റ്റർ (2014 സ്കീം) പ്രാക്ടിക്കൽ പരീക്ഷകൾ (ഐ.ഇ.റ്റി ട്രെയിനിംഗ് റിപ്പോർട്ട് ഇവാല്യുവേഷൻ ആന്റ് വൈവ) ഒക്ടോബർ 3 ന് അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## എം.ടെക് സ്പോട്ട് അഡ്മിഷൻ

സർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ്, ഫ്യൂച്ചർ സ്റ്റഡീസ് പഠന വകുപ്പുകളിൽ നടത്തി വരുന്ന AICTE അംഗീകൃത എം.ടെക് പ്രോഗ്രാമുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ജനറൽ. ഒ.ബി.സി, എസ്.സി/എസ്.ടി വിഭാഗങ്ങളിൽ സീറ്റ് ഒഴിവുണ്ട്.

താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും രേഖകളുമായി അതാതു ഡിപ്പാർട്ട്മെന്റിൽ 26 ാം തീയതി ബുധനാഴ്ച 11 മണിക്ക് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും വിദ്യാഭ്യാസ യോഗ്യതകൾക്കും സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 9446967394.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2018
## സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 25ന്

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ /യു.ഐ.റ്റി/ ഐ.എച്ച്.ആർ.ഡി കോളേജുകളിൽ 2018–19 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അതത് കോളേജുകളിൽ വെച്ച് സെപ്തംബർ 25–ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. 25–ാം തീയതി രാവിലെ 9 മണി മുതൽ 12 മണി വരെ ഹാജരാകുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളു. ഈ സമയത്തിനകം ഹാജരാകുന്ന വിദ്യാർത്ഥികളിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി സെപ്തംബർ 26–ന് രാവിലെ പത്ത് മണിക്ക് പ്രവേശനം നടത്തും. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സെപ്തംബർ 26–ന് രാവിലെ 10 മണിക്ക് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകണം. ഏതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളെ സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുന്നതല്ല. ഇതുവരെ അഡ്മിഷൻ ലഭിക്കാത്തവരെയും എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും (റ്റി.സി ഉൾപ്പടെ ) ഹാജരാക്കാൻ കഴിയുന്നവരെയുമാണ് സെപ്തംബർ 26–ന് പ്രവേശനത്തിനായി പരിഗണിക്കുക.സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ അധിക സമയം അനുവദിക്കുന്നതല്ല. വിദ്യാർത്ഥികളെ നിലവിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രമേ സ്പോട്ട് അഡ്മിഷനു വേണ്ടി പരിഗണിക്കുകയുള്ളു.സ്പോട്ട് അഡ്മിഷന് പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് നിർബന്ധമായും കോളേജിൽ ഹാജരാക്കണം.

സ്പോട്ട് അഡ്മിഷന് പരിഗണിക്കുന്ന ഒഴിവുകളുടെ എണ്ണം സർവകലാശാല അഡ്മിഷൻ പോർട്ടലിൽ (http://admissions .keralauniversity.ac.in) പ്രസിദ്ധപ്പെടുത്തും. കാറ്റഗറി തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം ബന്ധപ്പെട്ട കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും.
സെപ്തംബർ 25–ാം തീയതി തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്നും ഒഴിവുള്ള സീറ്റിലേയ്ക്ക് കാറ്റഗറി പരിഗണിച്ച് അഡ്മിഷൻ നടത്തും. നിശ്ചിത യോഗ്യതയുള്ള അപേക്ഷകർ ഇല്ലെങ്കിൽ മെറിറ്റ് അടിസ്ഥാനമാക്കി 25–ാം തീയതി തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്ന് പ്രവേശനം നടത്താവുന്നതാണ്. ഒഴിവുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് അതത് കോളേജുകളിൽ

സെപ്തംബർ 25-ാം തീയതി ഉച്ചക്ക് 12 മണിക്കകം ഹാജരാകേണ്ടതാണ്. അപേക്ഷകൾ ഒന്നും തന്നെ സർവകലാശാലയിൽ അയയ്ക്കേണ്ടതില്ല

## ഒന്നാം വർഷ പി.ജി പ്രവേശനം 2018

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/ യു.ഐ.റ്റി/ഐ.എച്ച്.ആർ.ഡി കോളേജുകളിൽ 2018 – 19 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ (പി.ജി) പ്രവേശനത്തിനായി ഒന്നും രണ്ടും അലോട്ട്മെന്റിൽ പരിഗണിക്കപ്പെടുകയും എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ എടുക്കാൻ സാധിക്കാതിരിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ നൽകിയിട്ടുള്ള റീകൺസിഡർ ടാബ് ഉപയോഗിച്ച് അടുത്ത അലോട്ട്മെന്റിൽ പരിഗണിക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്.

ബിരുദാനന്തരബിരുദ (പി.ജി.) പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള (http://admissions.keralauniversity.ac.in) വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം വരുത്താനും അവസരം നൽകുന്നു. സെപ്തംബർ 19-ാം തീയതി വൈകുന്നേരം അഞ്ച് മണി മുതൽ സെപ്തംബർ 25 -ാം തീയതി രാവിലെ 10 മണി വരെ സ്വന്തം ഓൺലൈൻ അപേക്ഷയിൽ മാറ്റങ്ങൾ വരുത്താം. ഓൺലൈൻ അപേക്ഷയിൽ നിലവിൽ നൽകിയിട്ടുള്ള ഓപ്ഷനുകൾ അടക്കം തിരുത്തലുകൾ വരുത്തുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. സെപ്തംബർ 25 രാവിലെ 10 മണിക്ക് ശേഷം ഓൺലൈൻ അപേക്ഷയിൽ യാതൊരു വിധത്തിലുമുള്ള തിരുത്തലുകളും ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഇതിനായി സർവകലാശാലയെ നേരിട്ട് സമീപിക്കേണ്ടതില്ല.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
24.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in
University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098